ആഫീസിലെ ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ആഫീസർ മുതൽ ഉയർന്ന റാങ്കിലുള്ള സീനിയർ ഉദ്യോഗസ്ഥർക്ക് ഔദ്യോഗികാവശ്യത്തിന് മാത്രമാണ് പ്രത്യേക വാഹനം അനുവദിച്ചിട്ടുള്ളത്. ആകെ 53 വാഹനങ്ങളാണ് സംസ്ഥാനാടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ളത്.

(സി) കെ. എസ്. ആർ. ടി. സി.-യിലെ എല്ലാത്തരം ജീവനക്കാർക്കും ഉന്നതോദ്യോഗസ്ഥർക്കും യഥാക്രമം ഡ്യൂട്ടിക്ക് വരുന്നതിനും പോകുന്നതിനും ഡ്യൂട്ടിപ്പാസും മെറ്റൽ പാസും അനുവദിച്ചിട്ടുണ്ട്. പാസാനുകൂല്യം സേവന വേതനക്കാരാർ പ്രകാരം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതാണ്. ചോദ്യം (ബി) യുടെ ഉത്തരത്തിൽ പരാമർശിച്ചിരിക്കുന്ന സീനിയർ ഉദ്യോഗസ്ഥർക്ക് അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി അത്യാവശ്യമായി എത്തേണ്ട സ്ഥലങ്ങളിൽ താമസംവിനാ എത്തുന്നതിനുള്ള സൗകര്യം നൽകുന്നതിലേക്കായാണ് വാഹന സൗകര്യം അനുവദിച്ചിരിക്കുന്നത്. സീനിയർ ഉദ്യോഗസ്ഥർക്ക് പല അവസരങ്ങളിലും ഔദ്യോഗിക വാഹനം ലഭിക്കാത്ത സാഹചര്യത്തിൽ ഔദ്യോഗികാവശ്യങ്ങൾക്ക് ഹെഡ് ക്വാർട്ടേഴ്സ് വിട്ടുപോകേണ്ട ആവശ്യം ഉള്ളതിനാൽ അനുവദിച്ചു കൊടുത്തിട്ടുള്ള പാസ് പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ്

177 (5397) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II തസ്തികയിലേക്ക് നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ആ ലിസ്റ്റിൽ നിന്നും നിയമനത്തിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേർക്ക് നിയമനം നൽകി എന്നുള്ളത് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും ഒഴിവുകളുടെ എണ്ണം എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 4-4-2007 - 96 പേർ

22-1-2009 - 44 പേർ

17-5-2010 - 22 പേർ എന്നിങ്ങനെ 162 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതിൽ RIB(2)15093/03/GW തീയതി 20-4-2010 പ്രകാരം 2 പേരുടെയും, RIB(2)5947/10/GW തീയതി 3-5-2010 പ്രകാരം 138 പേരുടേയും അഡ്വൈസ് ലഭിച്ചു. 140 പേർക്കും നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	49
കൊല്ലം	7
ആലപ്പുഴ	6
പത്തനംതിട്ട	6
കോട്ടയം	10
ഇടുക്കി	5
എറണാകുളം	20
തൃശ്ശൂർ	12
പാലക്കാട്	6
മലപ്പുറം	10
കോഴിക്കോട്	3
വയനാട്	1
കണ്ണൂർ	3
കാസർഗോഡ്	2

(സി) ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതിന് ജോലിയിൽ പ്രവേശിക്കാത്തവരുടെ വിശദാംശം യൂണിറ്റുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് NJD പി. എസ്.സി.ക്ക് നൽകുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിൽ ജില്ലാടിസ്ഥാനത്തിലല്ല ഒഴിവുകൾ കണക്കാക്കുന്നത്.

ടൂറിസ്റ്റ് ടാക്സി വാഹനങ്ങളുടെ ആൾ ഇൻഡ്യപെർമിറ്റ്, പ്രൈവറ്റ് ഓണർഷിപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമം

178 (5398) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസ്റ്റ് ടാക്സി വാഹനങ്ങളുടെ ആൾ ഇൻഡ്യാ പെൻമിറ്റ്, പ്രൈവറ്റ് ഓണർഷിപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമം അതാത് ജില്ലയിലെ പ്രധാന ആർ.ടി.ഒ ഓഫീസിൽ തന്നെ പൂർത്തീകരിക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly